"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ചെയർപേഴ്സന്റെ ഔദ്യോഗിക വാഹനം കണ്ടം ചെയ്ത് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലേലം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.273/2026/AGRI തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 21/11/2025 തീയതിയിലെ എ/20172/19/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്ത്.
2. പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 23/10/2025 തീയതിയിലെ 101/986/IDK നമ്പർ കത്ത്.
3. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 09/03/2026 തീയതിയിലെ ADFW/13551/2025-TG2നമ്പർ കത്ത്.
4. 06.03.2026 തീയതിയിലെ സ.ഉ (പി) നം. 46/2026/ധന

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ചെയർപേഴ്സന്റെ അപകടത്തിൽപ്പെട്ട ഔദ്യോഗിക വാഹനം KL-01-BC-9535 ഇന്നോവ കാർ ലേലം ചെയ്യുന്നതിന് ചാലക്കുടി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം വിൽപ്പന വില നിശ്ചയിച്ച് അറിയിച്ചിട്ടുണ്ടെന്നും, ആയതിൻപ്രകാരം ടി വാഹനം വിൽക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകണമെന്നും കമ്മീഷൻ സെക്രട്ടറി സൂചന (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. കൃഷി ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത വാഹനത്തിന്റെ ഇപ്പോഴത്തെ വിശദാംശങ്ങൾ കടാശ്വാസ കമ്മീഷനോട് ആരായുകയും, ആയതിന്റെ മറുപടിയായി വാഹന ചരിത്രം, 5 വർഷത്തിനിടെ വാഹനത്തിനുണ്ടായ അറ്റകുറ്റപ്പണിയുടെ വിവരങ്ങൾ, വാഹനത്തിന്റെ നിലവിലുള്ള ഫോട്ടോഗ്രാഫുകൾ, അറ്റകുറ്റപ്പണികൾക്കായി വേണ്ടി വരുന്ന തുക, ജനറൽ ഡയറി പകർപ്പ് എന്നിവ സഹിതം കമ്മീഷൻ ചെയർപേഴ്സന്റെ കത്ത് ലഭ്യമാക്കുകയും ചെയ്തിരുന്നുവെന്നും, ആയതിലെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത വാഹനം 2011 മോഡലിലുള്ളതും ഇതിനോടകം ഏകദേശം 2,50,000 കിലോമീറ്റർ ഓട്ടം പൂർത്തിയാക്കിയതുമാണെന്ന് ബോധ്യപ്പെട്ടുവെന്നും, വാഹനത്തിന്റെ കാലപരിധിയും ദീർഘകാല ഉപയോഗവും പരിഗണിക്കുമ്പോൾ, നിലവിലെ മെക്കാനിക്കൽ സ്ഥിതി തൃപ്തികരമല്ലെന്നും കണ്ടെത്തിയിരിക്കുന്നുവെന്നും, തുടർ ഉപയോഗത്തിനായി ഗണ്യമായ അറ്റകുറ്റപ്പണികളും പരിപാലനച്ചെലവുകളും അനിവാര്യമാകുന്ന സാഹചര്യത്തിൽ, അറ്റകുറ്റപണികൾ ചെയ്ത്

ഉപയോഗിക്കുന്നത് സാമ്പത്തികമായി യുക്തിസഹമല്ലെന്ന് വിലയിരുത്തപ്പെട്ടിരിക്കുന്നുവെന്നും കൃഷി വകുപ്പ് ഡയറക്ടർ സൂചന (3) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാൽ വാഹനം കണ്ടം ചെയ്ത് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലേല നടപടികൾ സ്വീകരിക്കുന്നത് ഉചിതമാണെന്നും ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഹനത്തിന്റെ വിപണി മൂല്യം കാലക്രമേണ കുറയുന്ന സാഹചര്യം നിലനിൽക്കുന്നതിനാലും, തുടർ വൈകിപ്പുകൾ മൂലം അധിക മൂല്യക്ഷയം സംഭവിക്കാനിടയുള്ളതിനാലും, അറ്റകുറ്റപണികൾ ചെയ്ത് ഉപയോഗിക്കുന്നത് സാമ്പത്തികമായി യുക്തിസഹമല്ലെന്ന് വിലയിരുത്തപ്പെട്ടിരിക്കുന്നതിനാലും കൃഷി ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ചെയർപേഴ്സന്റെ വാഹനം KL-01-BC-9535 ഇന്നോവ കാർ, കണ്ടം ചെയ്ത് പ്രാബല്യത്തിലുള്ള ചട്ടങ്ങൾ പ്രകാരം ലേലം നടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനൂപ് എം ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം.
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ സബ് ഡിവിഷൻ, ചാലക്കുടി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 12-03-2026 16:36:38
സെക്ഷൻ ഓഫീസർ